**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 5836** **27.10.2011- ൽ മറുപടിക്ക്**

**കൃഷി അസിസ്റ്റന്റുമാരുടെ സീനിയോറിറ്റി ലിസ്റ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.എസ്.ജയലാൽ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്താകെ കൃഷി അസിസ്റ്റന്റുമാരുടെ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് അറിയിക്കുമോ; പ്രസ്തുത തസ്തികകൾ നികത്തുന്നതിലേക്ക് പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) സംസ്ഥാനത്ത് കൃഷി അസിസ്റ്റന്റുമാരുടെ 963 തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നു. കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല. കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ല എന്ന് പി.എസ്.സി. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിലവിലുള്ള ഒഴിവുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുവാൻ എല്ലാ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത കാറ്റഗറിയിൽപ്പെട്ട ജീവനക്കാരുടെ കുറ്റമറ്റ സീനിയോറിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത് എന്നാണ്; ലിസ്റ്റിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) കൃഷി ഡയറക്ടറുടെ 12.03.2009-ലെ എസ്.ഇ(2)4952/06 പ്രകാരമാണ് കൃഷി അസിസ്റ്റന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റ് അവസാനമായി പ്രസിദ്ധീകരിച്ചത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) കുറ്റമറ്റ സീനിയോറിറ്റി ലിസ്റ്റ് നിലവിലില്ലെങ്കിൽ അത് എന്ന് തയ്യാറാക്കി പ്രസിദ്ധീകരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) നിലവിലുള്ള സീനിയോരിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിച്ച് പുതുക്കിയ സീനിയോരിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ